LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സർവ്വീസിലെ അഴിമതിയുമായി ബന്ധപ്പെട്ട കേസുകൾ

138(5727) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സർക്കാർ സർവ്വീസിലെ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകൾ കുറ്റപത്രം നൽകാൻ സാധിച്ചിട്ടുണ്ട് ; വിശദാംശം അറിയിക്കാമോ ;

(സി) ഇത്തരം കേസ്സുകൾ അനുദിനം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 711 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം	96
കൊല്ലം	51
പത്തനംതിട്ട	14
ആലപ്പുഴ	34
കോട്ടയം	27
ഇടുക്കി	40
എറണാകുളം	81
തൃശ്ശൂർ	87
പാലക്കാട്	61
മലപ്പുറം	33
കോഴിക്കോട്	83
വയനാട്	20
കണ്ണൂർ	56
കാസർഗോഡ്	28

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുട്ടികളുടെ കുറ്റകൃത്യങ്ങൾ

139(5728) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എതെല്ലാം സ്വഭാവത്തിലുള്ളതാണ് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) കുറ്റകൃത്യങ്ങളിൽപ്പെടുന്ന കുട്ടികളുടെ പേര്, മേൽവിലാസം, ഫോട്ടോ എന്നിവ വെളിപ്പെടുത്തുന്നതിന് ബാലനീതി നിയമപ്രകാരം കുറ്റകരമായിരിക്കെ മരങ്ങാട്ടുപള്ളി പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട സിബിയുടെ കേസുമായി ബന്ധപ്പെട്ട് പോലീസ് പ്രതിചേർത്ത കുട്ടിയുടെ പേര് പരസ്യപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ബാലനീതി നിയമപ്രകാരം കേസ് എടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 2712 കേസുകൾ.

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ഏതെല്ലാം സ്വഭാവത്തിലുള്ളതാണ് എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മരണപ്പെട്ട സിബിയുടെ കേസുമായി ബന്ധപ്പെട്ട് കുട്ടിയുടെ പേര്, മേൽവിലാസം, ഫോട്ടോ എന്നിവ പത്രങ്ങളിലൂടെയോ, ദൃശ്യമാധ്യമങ്ങളിലൂടെയോ പോലീസ് പരസ്യപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly